പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2235 27-10-2026-ൽ മറുപടിയ്ക്ക്

മൂഴിയാർ പോലീസ് സ്റ്റേഷൻ നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. യു. ജനീഷ് കുമാർ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) പത്തനംതിട്ട ജില്ലയിലെ മൂഴിയാർ പോലീസ് സ്റ്റേഷന്റെ നിർമാണ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കാമോ?

മറുപടി: 22.06.2021 തീയതിയിലെ സ.ഉ. (സാധാ) നം.1733/2021/ആഭ്യന്തരം പ്രകാരം മൂഴിയാർ പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 2021-22 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 154.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന്, 04.09.2025 തീയതിയിലെ സ.ഉ. (സാധാ)നം.3076/2025/ആഭ്യന്തരം പ്രകാരം, 2025-26 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് പ്ലാൻ സ്കീമിന് കീഴിൽ മൂഴിയാർ പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ അധിക പ്രവൃത്തികൾക്കായി 98,40,000/- രൂപയുടെ എസ്റ്റിമേറ്റിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

കെട്ടിടത്തിന്റെ ഒന്നാം ഘട്ട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണം ഏകദേശം 85% പൂർത്തീകരിച്ച് പുരോഗമിച്ചു വരികയാണ്. പുറംഭാഗത്തെ പ്ലാസ്റ്ററിംഗ്, അകത്തെ പുട്ടിയിടൽ, ആദ്യഘട്ട എമൽഷൻ പെയിൻറിംഗ്, ജനൽ-വാതിൽ ഫ്രെയിമുകൾ സ്ഥാപിക്കൽ, അകത്തെ അവസാനഘട്ട പെയിന്റിംഗ്, പുറംഭാഗത്തെ പെയിന്റിംഗ്, തടി ജനൽ-വാതിൽ പാളികൾ സ്ഥാപിക്കൽ, പ്ലംബിംഗ്, സാനിറ്ററി ഉപകരണങ്ങൾ സ്ഥാപിക്കൽ, കൈവരികൾ സ്ഥാപിക്കൽ, ഇലക്ട്രിക്കൽ ഘടകങ്ങൾ സ്ഥാപിക്കൽ, സോക്ക് പിറ്റ് നിർമ്മാണം. അലൂമിനിയം പാർട്ടീഷൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. എഫ്.ആർ.പി. വാതിലുകൾ സ്ഥാപിക്കൽ, മുൻവശത്തെ ഷീറ്റ് റൂഫിംഗ്, പാർക്കിംഗ് ഏരിയയിലെ ടൈൽ പാകൽ തുടങ്ങിയ പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാനുണ്ട്.

സെക്ഷൻ ഓഫീസർ